# കാർഷിക കാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm ASS-81/2025 ചിത്തിര *ഞാറ്റുവേല* തീയതി: 14.10.2025 കന്നി 28**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(**കാർഷിക കാലാവസ്ഥ ഫീൽഡ് യുണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്**)

| **കഴിഞ്ഞവാരം –സംക്ഷിപ്തകാലാവസ്ഥ (10/10/25- 14/10/25)** | **കാലാവസ്ഥ പ്രവചനം (15/10/25 – 19/10/25)** |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 35.2 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 23.4 ഡിഗ്രി സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 93 – നും 69 നും ഇടയിലും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 6 കിലോമീറ്റർ വരെയുമായിരുന്നു കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 5.4 മില്ലി മീറ്റർ മഴ ലഭിച്ചു. | അടുത്ത അഞ്ച് ദിവസങ്ങളിൽ കോട്ടയം ജില്ലയിൽ ഒറ്റപെട്ടയിടങ്ങളിൽ നേരിയതോ ശക്തിയായതോ ആയ മഴ ലഭിക്കാൻ സാധ്യതയുണ്ട്. പരമാവധി താപനില 34.0°C നും കുറഞ്ഞ താപനില 23.0°C നും ഇടയിൽ ആയിരിക്കും. അന്തരീക്ഷത്തിലെ ആർദ്രത 80% മുതൽ 90% വരെയും ഉണ്ടായിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2 കിലോമീറ്റർ വരെ ഉയരാൻസാധ്യതയുണ്ട്. ഈ കാലയളവിൽ ആകാശം മേഘാവൃതമായിരിക്കും |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ | | ഉയർന്ന താപനിലയും കുറഞ്ഞ അന്തരീക്ഷ ആർദ്രതയും മൂലം നീരുവലിച്ചുകുടിക്കുന്ന പ്രാണികളുടെ ആക്രമണ സാധ്യത കൂടും.ഇത് വൈറസ് രോഗങ്ങൾ പടരാൻ ഇടയാക്കും നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുക |
| നെല്ല് | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തരീക്ഷ സ്ഥിതിയിൽ നെല്ലിൽ ചാഴിയുടെ ആക്രമണത്തിന് സാധ്യതയുണ്ട്. ചാഴികൾ പാൽ പരുവത്തിലുള്ള നെന്മണികളിൽ നിന്നും നീരൂറ്റിക്കുടിച്ചു നെന്മണികളെ പതിരാക്കുന്നു. ആക്രമണം രൂക്ഷമാകുകയാണെങ്കിൽ മാലത്തിയോൺ 50% EC, 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക |
| തെങ്ങ് | വളർച്ചാ ഘട്ടം | തെങ്ങിനെ ആക്രമിക്കുന്ന കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കാൻ, തെങ്ങിന്റെ മണ്ട വൃത്തിയായി സൂക്ഷിക്കുക. കൂമ്പോലക്കു ചുറ്റും മൂന്നോ നാലോ പാറ്റാ ഗുളികകൾ ഇട്ട് മണലിട്ടു മൂടുക |
| **റബ്ബർ** | ടാപ്പിംഗ് ഘട്ടം | റബ്ബറിൽ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45 , 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപാട്ടയിൽ തളിച്ചുകൊടുക്കുക |
| **വാഴ** | വളർച്ചാ ഘട്ടം | നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക , ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം, അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസഫൻ 6G 20 ഗ്രാം ചേർത്ത കൊടുക്കാം |
| **കുരുമുളക്** | വളർച്ചാ ഘട്ടം | കുരുമുളകിൽ ഫൈറ്റോഫ്തോറ ആക്രമണം തടയുന്നതിനായി ബോഡോ മിക്സ്ച്ചർ 1 % തളിക്കുക. കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുക |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയിലെബാക്റ്റീരിയൽ വട്ടത്തിനെതിരേകോപ്പർ ഓക്സിക്ലോറൈഡ്4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽനേർപ്പിച്ചുചുവട്ടിൽ ഒഴിച്ച്കൊടുക്കുക |